പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 146 | 12-10-2026-ൽ മറുപടിയ്ക്ക്

<u>**ശബരിമല തീർത്ഥാടനം സുഗമമാക്കാൻ സ്വീകരിക്കുന്ന നടപടികൾ**</u>

<u>**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**</u> | <u>**മറുപടി നൽകിയ മന്ത്രി**</u>

ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. കെ. മുരളീധരൻ (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ശബരിമല തീർത്ഥാടനം ആരംഭിക്കാൻ ദിവസങ്ങൾ മാത്രം അവശേഷിക്കെ, തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിൽ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

<u>**മറുപടി:**</u> 2026 നവംബർ 16-ന് ആരംഭിക്കുന്ന മണ്ഡല-മകരവിളക്ക് തീർത്ഥാടനം സുഗമമായി നടത്തുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡും വിവിധ സർക്കാർ വകുപ്പുകളും ചേർന്ന് ചുവടെ ചേർക്കുന്ന പ്രകാരം വിപുലമായ സജ്ജീകരണങ്ങളാണ് ഒരുക്കിവരുന്നത്. തീർത്ഥാടകരുടെ താമസകേന്ദ്രങ്ങൾ, പോലീസ് ബാരക്കുകൾ, ശൗചാലയങ്ങൾ, അന്നദാന മണ്ഡപം, പമ്പയിലും നിലയ്ക്കലുമുള്ള കെട്ടിടങ്ങൾ, ബാരിക്കേഡുകൾ എന്നിവയുടെ അറ്റകുറ്റപ്പണികളും പെയിന്റിംഗും ഉൾപ്പെടെ 32 പ്രധാന നിർമ്മാണ പ്രവൃത്തികൾ ഒക്ടോബർ 20-നും 31-നും ഇടയിൽ പൂർത്തിയാക്കും. നിലയ്ക്കലിൽ 6,000 ഭക്തർക്ക് വിശ്രമിക്കാൻ സൗകര്യമുള്ള ജർമ്മൻ സാങ്കേതികവിദ്യയിലുള്ള പന്തലും പമ്പയിൽ പ്രത്യേക പന്തലും സജ്ജമാക്കുന്നുണ്ട്. വഴിപാടുകൾ, മുറി ബുക്കിംഗ്, മറ്റ് പേയ്മെന്റുകൾ എന്നിവ പൂർണ്ണമായും ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറ്റിയിട്ടുണ്ട്. തിരക്ക് ഒഴിവാക്കുന്നതിനായി സന്നിധാനത്തിന്റെ വടക്കേ മുറ്റത്ത് 10 പുതിയ ഡിജിറ്റൽ വഴിപാട് കൗണ്ടറുകൾ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ 7 ബാങ്കുകളുടെ ഡിജിറ്റൽ പേയ്മെന്റ് കിയോസ്കുകൾ ലഭ്യമാക്കും. പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ 3 കോടി രൂപ ചെലവിൽ നിലയ്ക്കലിൽ AI സാങ്കേതികവിദ്യ ഉപയോഗിച്ച് വാഹനങ്ങളും തീർത്ഥാടകരെയും നിയന്ത്രിക്കുന്ന ആധുനിക കൺട്രോൾ റൂം സജ്ജമാക്കും. ഭക്തരിൽ നിന്ന് അമിതകൂലി ഈടാക്കുന്നത് തടയാൻ പമ്പയിൽ പ്രീപേഡ് ഡോളി സർവീസ് ഏർപ്പെടുത്തും.

**(ബി)** ശബരിമല തീർത്ഥാടനം ഏറ്റവും മികച്ച നിലയിൽ നടത്തുന്നതിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

<u>**മറുപടി:**</u> തീർത്ഥാടന മാനേജ്മെന്റിൽ മുൻകാലങ്ങളിലുണ്ടായ തടസ്സങ്ങളും പോരായ്മകളും അടിയന്തരമായി പരിഹരിക്കുന്നതിന്റെ ഭാഗമായി നിർമ്മാണ-മരാമത്ത് ജോലികൾ ഗുണനിലവാരത്തോടെ വേഗത്തിൽ പൂർത്തിയാക്കാൻ ചീഫ് ടെക്നിക്കൽ എക്സാമിനർ നിർദ്ദേശിച്ച പുറത്തുനിന്നുള്ള എഞ്ചിനീയർമാരുടെ 'ക്വാളിറ്റി അഷ്വറൻസ് സെൽ' രൂപീകരിക്കുകയും ആഴ്ചതോറുമുള്ള തത്സമയ പരിശോധനകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നും. പമ്പ, സന്നിധാനം, പാതയോരങ്ങൾ എന്നിവിടങ്ങളിൽ കെട്ടിക്കിടന്ന മെറ്റൽ സ്ക്രാപ്പുകളും മാലിന്യങ്ങളും ഒക്ടോബർ 31-നകം നീക്കം

ചെയ്യാൻ ക്ലീൻ കേരള കമ്പനിയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടെന്നും. മാലിന്യം ഉറവിടത്തിൽ തരംതിരിക്കാൻ ശുചിത്വ മിഷന്റെ മാർഗ്ഗനിർദ്ദേശപ്രകാരം 3-ബിൻ (Three-bin) സംവിധാനം നടപ്പിലാക്കുന്നുണ്ടെന്നും. ഹോട്ടലുകളുടെയും സ്ഥാപനങ്ങളുടെയും ലേലത്തിൽ നിലനിന്നിരുന്ന കൂട്ടുകെട്ടുകളും അനാചാരങ്ങളും തടയാൻ ഇ-ടെണ്ടർ/ഇ-ലേല സംവിധാനം ഏർപ്പെടുത്തുകയും കരാർ കാലാവധി 11 മാസമായി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും. അതത് വകുപ്പുകളുടെ ആവശ്യങ്ങളും വിഷയങ്ങളും അടിയന്തരമായി പരിഹരിക്കാൻ പോലീസ്, ആരോഗ്യ വകുപ്പുകൾക്കായി ദേവസ്വം ബോർഡ് പ്രത്യേക നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും കൂടാതെ വാട്ടർ അതോറിറ്റിക്കുള്ള കുടിശ്ശിക തുക കൃത്യസമയത്ത് നൽകാനുള്ള ക്രമീകരണവും ഏർപ്പെടുത്തിയിട്ടുണ്ടെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

**(സി)** അരവണ ക്ഷാമം ഉൾപ്പെടെ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ പോരായ്മകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** അരവണ ക്ഷാമവും വിതരണത്തിലെ പോരായ്മകളും പൂർണ്ണമായും പരിഹരിക്കാൻ ശക്തമായ മുന്നൊരുക്കങ്ങൾ പൂർത്തിയാക്കിയിട്ടുള്ളതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. അരവണ പ്ലാന്റിൽ പുതിയ നിർമ്മാണ പാനുകൾ, ബോയിലറുകൾ, കൂളിംഗ് ചേമ്പറുകൾ എന്നിവ സജ്ജമാക്കി പ്രതിദിന ഉൽപ്പാദനശേഷി 2.6 ലക്ഷം ടിന്നുകളിൽ നിന്ന് 3.6 ലക്ഷം ടിന്നുകളായി വർദ്ധിപ്പിക്കും. തുലാമാസപൂജയ്ക്ക് 7 ലക്ഷം ടിൻ അരവണ നിർമ്മിക്കുകയും, മണ്ഡല -മകരവിളക്ക് തീർത്ഥാടന സീസണിലേക്കായി 80 ലക്ഷം ടിന്നുകളുടെ വിപുലമായ ബഫർ സ്റ്റോക്കും ഉത്പാദിപ്പിക്കും. ഇതിനായി 5000 മെട്രിക് ടൺ ശർക്കര (GEM പോർട്ടൽ വഴിയും ഇ-ടെണ്ടർ വഴിയും), മറ്റ് പ്രസാദ സാധനങ്ങൾ, ടിന്നുകൾ, മൂടികൾ എന്നിവയുടെ കരാറുകൾ പൂർത്തിയാക്കി സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. സാധനങ്ങൾ പമ്പയിലെ ഗോഡൗണിൽ സ്വീകരിച്ച് ഫുഡ് സേഫ്റ്റി ലാബ് വഴി കൃത്യമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷം ബോർഡിന്റെ നേരിട്ടുള്ള ഗതാഗത കരാർ വഴി സന്നിധാനത്തേക്ക് എത്തിക്കുന്ന പുതിയ വിതരണ രീതിയും നടപ്പിലാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**